പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5237 — 23/05/2017 ൽ മറുപടിക്ക്

# ചിറ്റൂർ നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി : | ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |

(എ) എത്ര കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | 3 |
| ഇടുക്കി | 11 |
| എറണാകുളം | 4 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 23 |
| മലപ്പുറം | 13 |
| കോഴിക്കോട് | 12 |
| വയനാട് | 5 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 11 |
| ആകെ | **114** |

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞു കിടക്കുന്ന കൃഷി ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ എത്രയെന്നും നികത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുള്ള കൃഷി ഭവനുകൾ പെരുമാട്ടി, പൊൽപ്പുള്ളി, എരുത്യാമ്പതി എന്നിവയാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, ചിറ്റൂർ,

പെരുമാട്ടി, എരുത്യാമ്പതി എന്നീ കൃഷി ഭവനകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പൊൽപ്പുള്ളി കൃഷി ഭവനിലേക്ക് സ്ഥിരം നിയമനം വഴിയും കൃഷി ഓഫീസർമാരെ നിയമിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ മറ്റ് കൃഷി ഭവനകളിലേക്ക് മാറ്റി നിയമിച്ചു. പി.എസ്.സി കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതാണ്. കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഒരു ഒഴിവ് നിലവിലുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**